**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 180** **05-12-2022 - ൽ മറുപടിയ്ക്ക്**

**ഈരാറ്റുപേട്ട സി.എച്ച്.സി.യിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈരാറ്റുപേട്ട സി.എച്ച്.സി.യിൽ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം ഏത് ഏജൻസിയെയാണ് ഏല്പിച്ചിരിക്കുന്നതെന്നറിയിക്കാമോ; | (എ) | ഈരാറ്റുപേട്ട സി.എച്ച്.സി.യിൽ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. |
| (ബി) | ഗുണനിലവാരമില്ലാത്ത നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചാണ് പ്രസ്തുത ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം നടത്തുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. ഗുണ നിലവാരം ഉറപ്പുവരുത്തിയ സാമഗ്രികൾ മാത്രം ഉപയോഗിച്ചാണ് ഐസോലേഷൻ വാർഡുകളുടെ നിർമ്മാണം നടത്തിവരുന്നത്. |
| (സി) | നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തി പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | തുടർച്ചയായ മഴ കാരണം തുരുമ്പെടുത്ത പ്ലിന്ത് ബീം റീ-ഇൻഫോഴ്സ്മെന്റ് പൂർണ്ണമായും മാറ്റി പുതിയ റീ-ഇൻഫോഴ്സ്മെന്റ് ഉപയോഗിച്ച് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ പാടുള്ളൂ എന്ന് കർശന നിർദ്ദേശം നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ